**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .T 1164 | 05-03-2020 -ൽ മറുപടിക്ക്

## ഓഖി ഫണ്ടിൽ നിന്ന് വീട്ടുനിർമ്മാണത്തിന് തുക അനുവദിക്കാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എം. സി. കമറുദ്ദീൻ** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | കാസർകോട് ജില്ലയ്ക്ക് എത്ര തുകയാണ് ഓഖി ഫണ്ട് അനുവദിച്ചത് എന്ന് വ്യക്തമാക്കാമോ; | എ) | ഓഖിയുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയ്ക്ക് 2,26,89,260/- രൂപ അനുവദിച്ചിട്ടുണ്ട്. |
| ബി) | മഞ്ചേശ്വരം മണ്ഡലത്തിൽ എത്ര പേർക്ക് വീട് നിർമ്മിക്കുന്നതിന് ഓഖി ഫണ്ടിൽനിന്നും തുക അനുവദിച്ചുവെന്നും എത്ര തുക വീതം അനുവദിച്ചുവെന്നും ഇതിൽ ഇനി എത്ര തുക നൽകാനുണ്ടെന്നും ബാക്കി തുക നൽകാതിരിക്കാനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ; | ബി) & സി) | മഞ്ചേശ്വരം മണ്ഡലത്തിൽ രണ്ട് ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചിട്ടുണ്ട്. സ്ഥലം വാങ്ങുന്നതിന് രണ്ട് പേർക്കും കൂടി 9,67,820/- രൂപയും (4,01,450 + 5,66,370) വീട് നിർമ്മാണത്തിന്റെ ആദ്യഘട്ടം (തറയുടെ നിർമ്മാണം) പൂർത്തീകരിച്ച ഗുണഭോക്താവിന് 1,00,000/- രൂപയും ചേർത്ത് ആകെ 10,67,820/- രൂപ അനുവദിച്ചിട്ടുണ്ട്. ഇനി അനുവദിക്കാനുള്ള 7 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| സി) | അനുവദിച്ച മുഴുവൻ തുകയും നൽകാത്തതുകാരണം വീട്ടുനിർമ്മാണം പൂർത്തിയാക്കാനാകാതെ പ്രയാസപ്പെടുന്ന സാഹചര്യത്തിൽ ബാക്കി തുക നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ